**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 517** **10-02-2025 - ൽ മറുപടിയ്ക്ക്**

**കടപ്പുറം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച കടപ്പുറം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ തീരദേശ വികസന കോർപറേഷൻ പദ്ധതി നിർവ്വഹണ ഏജൻസി ആയിട്ടുള്ള സ്കൂളുകൾക്കായി സർക്കാർ നൽകിയ ഭരണാനുമതി പ്രകാരമുള്ള ലിസ്റ്റിൽ കടപ്പുറം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 18 -12 -2024 തീയതിയിൽ നടന്ന അവലോകന യോഗത്തിൽ പ്രസ്തുത പദ്ധതി തത്കാലം പരിഗണിക്കേണ്ടതില്ലായെന്നും<br>തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ടി സ്കൂൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാർ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ കിഫ്ബി മാനദണ്ഡമനുസരിച്ച് ധനസഹായം അനുവദിക്കാൻ നിർവാഹമുള്ളൂ. |
| (ബി) | റവന്യൂ വകുപ്പിൽ നിന്നും കടപ്പുറം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന് സ്ഥലം അനുവദിച്ച സാഹചര്യത്തിൽ എസ്.പി.വി. ആയ തീരദേശ വികസന കോർപ്പറേഷൻ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കിഫ്ബി ധനസഹായത്തോടെ തീരദേശ വികസന കോർപറേഷൻ പദ്ധതി നിർവ്വഹണ ഏജൻസി ആയിട്ടുള്ള സ്കൂളുകൾക്കായി സർക്കാർ നൽകിയ ഭരണാനുമതി പ്രകാരമുള്ള ലിസ്റ്റിൽ കടപ്പുറം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 18 -12 -2024 തീയതിയിൽ നടന്ന അവലോകന യോഗത്തിൽ പ്രസ്തുത പദ്ധതി തത്കാലം പരിഗണിക്കേണ്ടതില്ലായെന്നും<br>തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ടി സ്കൂൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാർ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ കിഫ്ബി മാനദണ്ഡമനുസരിച്ച് ധനസഹായം അനുവദിക്കാൻ നിർവാഹമുള്ളൂ. |

സെക്ഷൻ ഓഫീസർ